# യോഹന്നാൻ 3:14-21

---

സ്വന്തം ജീവിതം രക്ഷിക്കാനും സംരക്ഷിക്കാനും നെട്ടോട്ടം ഓടുന്നവരാണ് നാം ഓരോരുത്തരും.. ആരെ നശിപ്പിച്ചാലും ആരുടെ ജീവിതം ബലി കൊടുത്തിട്ടയാലും എനിക്ക് ജീവിക്കണം എന്ന് ചിന്തിക്കുന്നവരാണ് ഇന്നത്തെ സമൂഹത്തിൽ ഭൂരിഭാഗവും. മറ്റുള്ളവർക്കായി അല്പസമയം ചിലവഴിക്കാൻ ഒരുവന് സ്നേഹത്തോടെയുള്ള ഒരു പുഞ്ചിരി നല്കാൻ നമ്മിലാർക്കും സമയമില്ല. പക്ഷെ സ്വന്തം ജീവിതം മറ്റുള്ളവർക്കായി മുറിച്ചു നൽകിയ ഒരുവനുണ്ട്. അവനാണ് യേശുക്രിസ്തു.

ഒരു ഡോകുമെന്ട്രിയിൽ ഒരു കഥ ഇപ്രകാരം കാണിക്കുന്നുണ്ട്.. റെയിൽ ബ്രിഡ്ജ് ചെയുന്ന ജോലിയുള്ള ഒരു അപ്പൻ. ഒരിക്കൽ അദ്ദേഹം . ട്രെയിനിനായി പാലം തിരിച്ചുകൊണ്ടിരിക്കുമ്പോൾ അദേഹത്തിന്റെ മകൻ റെയിൽ പാലത്തിൽലൂടെ നടന്നു വരുന്നത് അദേഹം കാണുന്നു. ട്രെയിൻ അടുത്തെത്തി. എന്ത് ചെയണം എന്ന് അറിയാതെ ആ പിതാവ് കുഴങ്ങി. സ്വന്തം പുത്രനെ രക്ഷിച്ചാൽ ട്രെയിനിൽ ഉള്ള അനേകർ മരണമടയും, അല്ലെങ്ങ്കിൽ സ്വന്തം മകൻ മരണപെടും അവസാനം അനേകർക്ക് വേണ്ടി സ്വന്തം മകനെ ബലി കൊടുക്കാൻ ആ പിതാവ് തയ്യാറായി.

ഇന്നത്തെ സുവിശേഷതിളുടെ ഈശോ പറയുന്നു മനുഷ്യപുത്രൻ ഉയര്തപെടുന്നത് കാണുന്നവരെല്ലാം രക്ഷപെടുമെന്ന്. സംഖ്യയുടെ പുസ്തകം 21. 9. വാക്യത്തിൽ ഇപ്രക്കാരം ഒരു സംഭവം വിവരിക്കുന്നുണ്ട്. സർപ്പ ദർശനം സംഭവിച്ച ജനങ്ങളെ ഒരു പിച്ചള സർപ്പം ഉയർത്തി മോശ രക്ഷിക്കുന്നു. ഇന്നത്തെ സുവിശേഷത്തിൽ യേശുവിനെ ആ സർപ്പം ആയി ഉപമിച്ചിരിക്കുന്നു.

എന്താണ് യേശുവിന്റെ ഉയർത്തപെടൽ? യേശുവിന്റെ കുരിശിന്മേൽ ഉള്ള ഉയര്തപെടലും അവന്റെ ഉത്ഥനവും. യേശു തന്റെ കുരിശിൽ പൂർണ അനുസരണം ഉള്ളവനായി ഉയര്തപെട്ടപ്പോഴാണ് സാത്താൻ പരാജിതനായതു എന്ന് മനസ്സിലാക്കണം. അപ്പോഴാണ് മനുഷ്യവംശത്തിനു പൂർണ സ്വാതന്ത്രിയം ലഭിച്ചത്. അതിനാലാണ് നാം ഇപ്രകാരം പ്രാർത്തിക്കുക, കുരിശു ആണ് രക്ഷ കുരിശിൽ ആണ് രക്ഷ എന്ന്.

ഇതുപോലുള്ള ഒരു ഉയര്തപെടൽ നമ്മുടെ ജീടിതതിലും നടക്കും. ഇപ്രകാരം ആണ് ഈ ഉയര്തപെടൽ ഉണ്ടാകുക. ഞാൻ എന്നെ തന്നെ പൂർണം ആയി മറ്റുള്ളവർക്കായി നൽകുമ്പോഴാണ് ഞാൻ ഉയര്തപെടുക. ഈ നൽകൽ രണ്ടു തരത്തിൽ ആണ് : ആത്മീയവും ശാരീരികവും. ആത്മീയം എന്ന് പറയുന്നത് എന്റെ ജീവിത സാക്ഷതിലൂടെ ഞാൻ എന്നെ തന്നെ ഉയർത്തണം. എന്റെ പെരുമാറ്റത്തിലൂടെയും സംസാരതിലൂടെയും മറ്റുള്ളവർ യേശുവിലേക്ക് വരണം അങ്ങനെ എന്നെ നോക്കുന്നവർ രക്ഷപെടണം അല്ലെങ്ങിൽ യേശുവിലേക്ക് വളരണം. ഇതാണ് ആത്മീയമായ ഉയർത്തൽ. ശാരീരികം ആയ ഉയർത്തൽ എന്നതു ഞാൻ മറ്റുള്ളവരുമായി എന്നെത്തന്നെ നല്കുന്നതിലൂടെയാണ്. അതായത് എന്റെ കുടുംബത്തിലും സമൂഹത്തിൽ ഉള്ളവർക്ക് നൽകുമ്പോൾ ഈ ഉയര്തപെടൽ ആണ് നടക്കുന്നത്. മറ്റുള്ളവർ എത്രത്തോളം വേദനിപ്പിച്ചാലും എന്റെ പെരുമാറ്റത്തിലൂടെ ഞാൻ അവരെ മാനസാന്തരപെടുത്തുമ്പോൾ സമൂഹത്തിലെ ഓരോ ആവശ്യത്തിനായും ഞാൻ എന്നെത്തന്നെ നൽകുമ്പോൾ എന്റെ ഇടവകയിലെ

ആവശ്യങ്ങൾ ഓരോന്നായി മനസ്സിലാകി ഞാൻ അവിടെ ഓടിയെത്തുമ്പോൾ അത് ഒരു ഉയര്തപെടൽ ആവുകയാണ് ചെയ്യുന്നത്

നമ്മുടെ ജീവിതത്തിലൂടെ നാം മറ്റുള്ളവരെ ദൈവതിങ്കലെക്കടുപ്പിക്കുമ്പോൾ അത് യേശു കുരിശിൽ തന്നെ തന്നെ ഉയർത്താൻ വിട്ടു കൊടുത്തത് പോലെ തന്നെ ആവുകയാണ് ചെയ്യുന്നത്. നമുക്കും ഇപ്രകാരം പ്രാര്തിക്കം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

Fr. Binoy CMI,  Congregation of Mary Immaculate